# നവകേരളം വാർത്ത

2023 ഏപ്രിൽ 01-15 ന്യൂസ് ലെറ്റർ

## ജനകീയ ജലബജറ്റ് പ്രകാശനവും ഇനി ഞാനൊഴുകട്ടെ മൂന്നാംഘട്ടം ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും

രാജ്യത്താദ്യമായി തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ജനകീയ ജലബജറ്റ് തയ്യാറാക്കുന്നു. ആദ്യഘട്ടത്തിൽ 94 ഗ്രാമപഞ്ചായത്തുകളിൽ തയ്യാറാക്കിയ ജലബജറ്റിന്റെ പ്രകാശനം മുഖ്യമന്ത്രി ശ്രീ. പിണറായി നിർവഹിക്കും. തിരഞ്ഞെടുത്ത 15 ബ്ലോക്ക് പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്തുകളിൽ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജനകീയ പങ്കാളി






ത്തത്തോടെയാണ് ജലബജറ്റ് തയ്യാറാക്കിയത്. തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ, കൊല്ലം ജില്ലയിലെ മുഖത്തല, പത്തനംതിട്ടയിലെ മല്ലപ്പള്ളി, ആലപ്പുഴയിലെ മാവേലിക്കര, കോട്ടയത്തെ ഈരാറ്റുപേട്ട, ഇടുക്കി ജില്ലയിലെ ഇടുക്കി, എറണാകുളത്തെ മുളന്തുരുത്തി, തൃശൂരിലെ ചൊവ്വന്നൂർ, പാലക്കാട്ടെ ചിറ്റൂർ, മലപ്പുറത്തെ കൊണ്ടോട്ടി, കോഴിക്കോട്ടെ കുന്ദമംഗലം, വയനാട്ടിലെ മാനന്തവാടി, കണ്ണൂർ ജില്ലയിലെ പേരാവൂർ, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് എന്നീ ബ്ലോക്ക് പഞ്ചായത്തു പരിധിയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുമാണ് ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ 2023 ഏപ്രിൽ 12 ന് തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ നടക്കുന്ന



ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷ് ജലബജറ്റ് ഏറ്റുവാങ്ങി മുഖ്യ പ്രഭാഷണം നടത്തും. നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മറ്റ് വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തു സംഘടിപ്പിച്ചിട്ടുള്ള 'ഇനി ഞാനൊഴുകട്ടെ' മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാൽ വീണ്ടെടുപ്പുകൂടി ഉൾപ്പെടുത്തിയാണ് മൂന്നാംഘട്ടം ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിനു മുന്നോടിയായി നടത്തിയ ജനകീയ മാപത്തോൺ മാപിംഗ് സംബന്ധിച്ച പുസ്തക പ്രകാശനവും ചടങ്ങിൽ നടക്കും. ജനകീയ ജലബജറ്റിന്റെ ബ്ലോക്കുതല അവതരണവും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്.



നവകേരളം ലക്ഷ്യമിട്ടുള്ള നിരവധി പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കേരളത്തിൽ പുരോഗമിക്കുകയാണ്. ഇതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചുകൊണ്ട് നവകേരളം കർമ പദ്ധതി 2 ഉം സജീവമാണ്. അടിയന്തിര പ്രാധാന്യത്തോടെ നടത്തിവരുന്ന ശുചിത്വവും മാലിന്യ സംസ്കരണവും അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതി പുനസ്ഥാപനം, ജലസംരക്ഷണം, ജനസൗഹൃദ മാർഗങ്ങളിലൂടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന ആർദ്രം മിഷൻ, പൊതു വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മ ഉറപ്പാക്കി വിദ്യാകിരണം, എല്ലാവർക്കും പാർപ്പിടവും ഉപജീവനവും ഉറപ്പാക്കാൻ ലക്ഷ്യമിട്ട് ലൈഫ് മിഷൻ തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കർമപഥത്തിലാണ്. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായ നൂറുദിന പരിപാടിയിൽ നവകേരളം കർമപദ്ധതിയിലെ മിഷനുകളിൽ നടപ്പാക്കിയ പദ്ധതികളും ഉദ്ഘാടനം ചെയ്യുകയാണ്. നവകേരളം കർമപദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധവും ഊർജ്ജവും നൽകുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നത് പദ്ധതി അധ്യക്ഷൻ കൂടിയായ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വമാണ്. പദ്ധതി പ്രവർത്തനങ്ങളെയും നേട്ടങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ എല്ലാവരിലും എത്തിക്കാൻ സമൂഹ മാധ്യമങ്ങളെയാണ് പ്രധാനമായി ആശ്രയിക്കുന്നത്. എങ്കിലും പ്രധാനപ്പെട്ടവ അച്ചടി രൂപത്തിൽ കൂടി നൽകുവാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് നവകേരളം ന്യൂസ് ലെറ്റർ അവതരിപ്പിക്കുന്നത്.

ഡോ. ടി.എൻ. സീമ
കോർഡിനേറ്റർ
നവകേരളം കർമപദ്ധതി

## ലൈഫ് മിഷൻ-കടമ്പൂരിലെ ഭവന സമുച്ചയം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നിർമ്മിച്ച ആദ്യ ഭവന സമുച്ചയം കടമ്പൂരിൽ 2023 ഏപ്രിൽ 8 ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഇതോടെ ലൈഫ് മിഷന്റെ മൂന്ന് ഘട്ടങ്ങളിലായി ജില്ലയിൽ ഇതുവരെ 6751 വീടുകളാണ് പൂർത്തിയാവുന്നത്.

പനോന്നേരിയിൽ കടമ്പൂർ ഗ്രാമപഞ്ചായത്ത് വിട്ടു നൽകിയ 40 സെന്റ് സ്ഥലത്താണ് പ്രീ ഫാബ് ടെക്നോളജിയിലുള്ള ഭവന സമുച്ചയം നിർമ്മിച്ചത്. നാല് നിലകളിലായി 400 ചതുരശ്ര അടിയിൽ 44 ഫ്ളാറ്റുകളാണിവിടെയുള്ളത്.

രണ്ട് കിടപ്പുമുറി, അടുക്കള, ടോയ്‌ലറ്റ്, ബാത്ത്റൂം എന്നീ സൗകര്യങ്ങളോടെയുള്ള ഫ്ളാറ്റിൽ 24 മണിക്കൂറും വൈദ്യുതിയും കുടിവെള്ളവും ലഭിക്കും. 20 കിലോ വാട്ടിന്റെ സോളാർ സംവിധാനം മുഖേന കെട്ടിട സമുച്ചയത്തിലെ പൊതു ഇടങ്ങളിൽ വൈദ്യുതി വിളക്കുകൾ ഒരുക്കും. കുഴൽക്കിണറിലൂടെയാണ് കുടിവെള്ളം ലഭ്യമാക്കുന്നത്. ഇതിന് പുറമേ ജല അതോറിറ്റി മുഖേനയും കുടിവെള്ളം എത്തിക്കും. തുമ്പൂർമുഴി മാതൃകയിൽ എയ്റോബിക് ജൈവ മാലിന്യ സംസ്കരണ സംവിധാനവും ഇവിടെ




ഒരുക്കിയിട്ടുണ്ട്. 5.68 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക. കൊല്ലം ജില്ലയിലെ പുനലൂർ, കോട്ടയത്തെ വിജയപുരം, ഇടുക്കിയിലെ കരിമണ്ണൂർ എന്നിവിടങ്ങളിൽ പൂർത്തീകരിച്ച ഭവന സമുച്ചയങ്ങളുടെ ഉദ്ഘാടനവും ഏപ്രിൽ 8 ന് നടന്നു.

## ആർദ്രം ജീവിതശൈലീ രോഗ നിർണയ സ്ക്രീനിംഗ് 1 കോടി കഴിഞ്ഞു

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന വാർഷിക പരിശോധനാ പദ്ധതിയായ 'അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ്' വഴി 30 വയസിന് മുകളിൽ പ്രായമുള്ള ഒരു കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 10 മാസം കൊണ്ടാണ് ഈ നേട്ടം കൈവരിക്കാനായത്. രാജ്യത്തെ ഏക സാംക്രമികേതര രോഗ പദ്ധതിയായ ഈ പദ്ധതിയെ ശക്തിപ്പെടുത്തുന്നതിന് 10 കോടി രൂപയാണ്




ഈ ബജറ്റിൽ അനുവദിച്ചത്. ഇതിലൂടെ ജീവിതശൈലീ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനാകും. നവകേരളം കർമപദ്ധതി 2 ൽ ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളേയും സ്ക്രീൻ ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. രക്താതിമർദ്ദം, പ്രമേഹം, കാൻസർ, ക്ഷയരോഗം, ശ്വാസകോശ രോഗങ്ങൾ എന്നിവ പ്രാരംഭ ഘട്ടത്തിൽ തിരിച്ചറിയുക എന്നതാണ് പ്രധാനമായും ഇതിലൂടെ ലക്ഷ്യമാക്കുന്നത്. ഇ ഹെൽത്ത് രൂപകൽപ്പന ചെയ്ത ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. ഇതിനായുള്ള പരിശീലനം എല്ലാ ജില്ലകളിലേയും ആശ വർക്കർമാർക്ക് നൽകിയിട്ടുണ്ട്.



ഇതുവരെ ആകെ 1,00,00,475 പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കി. ഇതിൽ 19.86 ശതമാനം പേർക്ക് ഏതെങ്കിലും ഒരു ഗുരുതര രോഗം വരുന്നതിനുള്ള സാധ്യത ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടത്തിയ കാൻസർ സ്ക്രീനിംഗിലൂടെ 6.38 ശതമാനം പേരെ കാൻസർ സാധ്യത കണ്ടെത്തി കൂടുതൽ പരിശോധനക്കായി റഫർ ചെയ്തിട്ടുണ്ട്.

## ലൈഫ് പദ്ധതി : കാഞ്ഞങ്ങാട് നഗരസഭ ഭവന നിർമ്മാണത്തിന് ഒരു കോടി രൂപ നല്കി

കാഞ്ഞങ്ങാട് നഗരസഭയിലെ 1078 ഗുണഭോക്താക്കൾക്ക് രണ്ട് വർഷത്തിനുള്ളിൽ വീടെന്ന സ്വപ്നം യാഥാർത്ഥ്യമാകും. കാഞ്ഞങ്ങാട് നഗരസഭ പി.എം.എ.വൈ - നഗരം - ലൈഫ് പദ്ധതിയുടെ ഭാഗമായി 287 ഗുണഭോക്താക്കൾക്കുള്ള ആദ്യഗഡു നൽകി. ഗുണഭോക്താക്കൾക്ക് 40,000 രൂപ വീതം ആദ്യ ഗഡു അനുവദിച്ചു. നഗരസഭാ ചെയർപേഴ്സൺ കെ.വി.സുജാത അധ്യക്ഷത വഹിച്ചു. പി.എം.എ.വൈ. ലൈഫ് പദ്ധതിയിൽപെടുത്തി കാഞ്ഞങ്ങാട് നഗരസഭ ഇതിനകം 870 വീടുകൾ നിർമ്മിച്ചു നൽകിയിരുന്നു. അതിൽ 800 വീടുകൾ മുഴുവനും പൂർത്തീകരിച്ചു. 70 വീടുകളുടെ നിർമ്മാണം നടന്നു വരികയാണ്.

# കേരളത്തിൽ പൊതുവിദ്യാലയങ്ങൾക്ക് സ്വീകാര്യതയേറുന്നു : മന്ത്രി കെ എൻ ബാലഗോപാൽ

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയതോടെ സ്വീകാര്യതയേറിയതായി മന്ത്രി കെ എൻ ബാലഗോപാൽ. കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച കുണ്ടറ കെ.ജി.വി. ഗവൺമെന്റ് യു.പി. സ്കൂളിലെ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് എത്ര വലിയ സാമ്പത്തിക പ്രതിസന്ധികൾ വന്നാലും വിദ്യാഭ്യാസ മേഖലയെ അത് ബാധിക്കാതിരിക്കാൻ സർക്കാർ ശ്രദ്ധിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. പി.സി. വിഷ്ണുനാഥ് എം.എൽ.എ. അധ്യക്ഷനായി. മുൻ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ സ്കൂൾ കെട്ടിടത്തിന്റെ താക്കോൽ ദാനം നടത്തി.



# മാണിക്കലിൽ താമരപ്പാടമൊരുങ്ങുന്നു



തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തിൽ പുഴയൊഴുകും മാണിക്കൽ പദ്ധതിയുടെ ഭാഗമായി താമരകൃഷി ആരംഭിച്ചു. താമരഭാഗം ഏലായിലെ 50 സെന്റിൽ ആരംഭിച്ച കൃഷി മന്ത്രി ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ അധ്യക്ഷനായി.

വികേന്ദ്രീകൃത ആസൂത്രണ ബോർഡ് സംസ്ഥാന ചീഫ് എക്സി. ഓഫീസർ ജോസഫൈൻ, ജില്ലാ പഞ്ചായത്തംഗം കെ. ഷീലാകുമാരി, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ അശോക് കുമാർ തുടങ്ങിയവർ പങ്കെടുത്തു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പദ്ധതിയുടെ ഭാഗമായി വിവിധതരം പൂക്കളുടെ കൃഷി, നെൽകൃഷി എന്നിവയും നടന്നുവരുന്നു.

# വിദ്യാകിരണം പദ്ധതി : സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ

കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ സ്കൂൾ കെട്ടിടങ്ങൾ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ജില്ലയിൽ 50 ലക്ഷം രൂപ പ്ലാൻ ഫണ്ട് വിനിയോഗിച്ച് പണി പൂർത്തിയാക്കിയ കായംകുളം ഗവ. എൽ.പി.എസ്. കീരിക്കാട് ഫെബ്രുവരി 10 ന് മന്ത്രി സജി ചെറിയാനും ചെങ്ങന്നൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ അങ്ങാടിക്കൽ തെക്ക് (പ്ലാൻ ഫണ്ട് 110 ലക്ഷം രൂപ) മാർച്ച് 10 ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയും ഉദ്ഘാടനം ചെയ്തു.






മലപ്പുറം ജില്ലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പണി പൂർത്തിയാക്കിയ ജി.എച്ച്.എസ്.എസ്. കാരക്കുന്ന് (3 കോടി), ജി.യു.പി.എസ്. പുല്ലൂർ (1 കോടി), ജി.യു.പി. എസ്. വീമ്പൂർ (1 കോടി) എന്നീ മൂന്നു സ്കൂളുകളുടെ ഉദ്ഘാടനം കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ മാർച്ച് 19 ന് നിർവഹിച്ചു. തിരുവനന്തപുരം ജില്ലയിൽ ഒരു കോടി രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പണിപൂർത്തിയാക്കിയ മച്ചേൽ LPS, മലയിൻകീഴ്, മാർച്ച് 23 ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

# മാലിന്യമുക്ത തൃത്താല പ്രത്യേക കാമ്പയിനിൽ ആകെ നീക്കിയത് 40 ടൺ മാലിന്യം



നവകേരളം കർമപദ്ധതിയുമായി സഹകരിച്ച് നടപ്പാക്കുന്ന സുസ്ഥിര തൃത്താല-മാലിന്യ മുക്ത തൃത്താല പദ്ധതിയിലൂടെ ശാസ്ത്രീയ രീതിയിൽ മാലിന്യം ശേഖരിച്ച് നീക്കം ചെയ്യുന്ന പ്രത്യേക കാമ്പയിൻ സമാപിച്ചു. നാല് ഘട്ടങ്ങളിലായി നടന്ന കാമ്പയിനിലൂടെ തൃത്താല മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ നിന്നായി ആകെ 40 ടൺ മാലിന്യങ്ങളാണ് നീക്കം ചെയ്തത്. ഹരിത കർമ്മസേനകൾ മാലിന്യം ശേഖരിക്കുകയും ക്ലീൻ കേരള കമ്പനി ഓരോ ഘട്ടത്തിലും ശേഖരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഓരോ ഘട്ട സമാപനത്തിലും അതത് വിഭാഗത്തിൽപ്പെട്ട മാലിന്യങ്ങൾ പൂർണമായും നീക്കം ചെയ്യുകയും ചെയ്തു. ചാലിശ്ശേരി, നാഗലശ്ശേരി, തൃത്താല, ആനക്കര, കപ്പൂർ, പട്ടിത്തറ, തിരുമിറ്റക്കോട്, പരുതൂർ ഗ്രാമപഞ്ചായത്തുകളിലെ നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ നിന്നാണ് പാഴ് വസ്തുക്കൾ നീക്കം ചെയ്തത്.

## വാതിൽപ്പടി ശേഖരണത്തിനായി ഹരിത കർമസേനയ്ക്ക് ട്രോളി വിതരണം ചെയ്തു



പത്തനംതിട്ട കടമ്പനാട് വാതിൽപ്പടി ശേഖരണത്തിനായി ഹരിത കർമസേനയ്ക്ക് ട്രോളി വിതരണം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രിയങ്ക പ്രതാപ് വിതരണ ഉദ്ഘാടനം നിർവഹിച്ചു. 2, 5, 17 എന്നീ വാർഡുകളിലേക്കായി നിലവിൽ 3 ട്രോളികൾ ആണ് വിതരണം ചെയ്തത്.

## അഴിയൂർ ഗ്രാമപഞ്ചായത്ത് ഹരിത കർമസേനക്ക് ഫയർ ആന്റ് സേഫ്റ്റി പരിശീലനം

കോഴിക്കോട് ജില്ലയിലെ അഴിയൂർ ഗ്രാമപഞ്ചായത്ത്, ഹരിതകേരളം മിഷൻ, ഫയർ & റെസ്ക്യു വകുപ്പ് എന്നിവയുടെ സഹകരണത്തിൽ ഹരിത കർമസേനയ്ക്ക് ഫയർ ആന്റ്സേഫ്റ്റി പരിശീലനം നൽകി. പ്ലാസ്റ്റിക് ശേഖരണ കേന്ദ്രത്തിന് തീപിടുത്തത്തിൽ നിന്നും സംരക്ഷണം, രക്ഷാപ്രവർത്തനം, സ്വയം സുരക്ഷയും പ്രഥമ ശുശ്രൂഷയും എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകിയത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് ശേഖരണ കേന്ദ്രങ്ങളായ എം.സി. എഫുകളിൽ അഗ്നിശമന സുരക്ഷ ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന സർക്കാർ ഉത്തരവിന്റെ ഭാഗമായാണ് പരിശീലനം സംഘടിപ്പിച്ചത്. അഴിയൂർ ഗ്രാമപഞ്ചായത്ത് എം.സി. എഫിൽ വച്ച് നടന്ന പരിശീലനം പഞ്ചായത്ത് പ്രസിഡന്റ് ആയിഷ ഉമ്മർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് തോട്ടത്തിൽ ശശിധരൻ അധ്യക്ഷത വഹിച്ചു. ഹരിത കർമസേനയ്ക്കുള്ള യൂണിഫോം, സുരക്ഷ ഉപകരണങ്ങളായ ഗ്ലൗസ്, ഗം ബൂട്ട്സ്, ക്യാപ്, റെയിൻ കോട്ട് എന്നിവയുടെ വിതരണ ഉദ്ഘാടനവും നടന്നു.



## ഹരിത കർമസേനക്ക് സ്വന്തമായി മെറ്റീരിയൽ കളക്ഷൻ സെന്റർ ഒരുക്കി താന്ന്യം പഞ്ചായത്ത്

മാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് തലത്തിൽ ശുചീകരണം നടത്തുന്ന താന്ന്യം പഞ്ചായത്തിലെ ഹരിത കർമസേനക്ക് സ്വന്തമായി ഒരുക്കിയ മെറ്റീരിയൽ കളക്ഷൻ സെന്റർ സി.സി. മുകുന്ദൻ എം .എൽ. എ. ഉദ്ഘാടനം ചെയ്തു.

ഹരിത കർമസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ മിഷനറികളിൽ ഉപയോഗിച്ച് മാതൃകപരമായി മുന്നോട്ടു കൊണ്ടുപോകുവാൻ



സാധിക്കുന്ന പദ്ധതി തയ്യാറാക്കണമെന്നും അതിന് വേണ്ട ഫണ്ട് പഞ്ചായത്തിന് അനുവദിച്ച് തരുമെന്നും സി.സി. മുകുന്ദൻ എം.എൽ.എ. പറഞ്ഞു. വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വന്നിരുന്ന ഹരിത കർമസേനക്ക് 19 ലക്ഷം ചെലവാക്കിയാണ് 17.5 സെന്റിൽ സ്വന്തമായി കെട്ടിടം ഒരുക്കിയിരിക്കുന്നത്. മാലിന്യം ശേഖരിക്കുന്നതിന് വാഹന സംവിധാനങ്ങൾ ഒരുക്കുമ്പോൾ ഡ്രൈവർമാരായി ഹരിത കർമസേനാംഗങ്ങൾ തന്നെ മുന്നിലെത്തും.

# ഉറവിട മാലിന്യ സംസ്ക്കരണത്തിനായി റിംഗ് കമ്പോസ്റ്റുകൾ



ജൈവ മാലിന്യ സംസ്ക്കരണത്തിന് ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുമായി നൊച്ചാട് ഗ്രാമപഞ്ചായത്ത്. റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്ത് ജൈവ മാലിന്യങ്ങളെ വീടുകളിൽ തന്നെ സംസ്ക്കരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അപേക്ഷ സമർപ്പിച്ചവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർക്ക് റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തു തുടങ്ങി. പഞ്ചായത്തിലെ 17 വാർഡുകളിലും റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്യുന്നുണ്ട്. ഇതിനായി പത്ത് ശതമാനം മാത്രമാണ് ഉപയോക്താവ് നൽകേണ്ടത്. ബാക്കി തുക പഞ്ചായത്താണ് വഹിക്കുന്നത്.

ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുന്നതിലൂടെ പൊതുസ്ഥലങ്ങളിൽ ഉൾപ്പെടെ മാലിന്യങ്ങൾ കുന്നുകൂടുന്നതും പകർച്ചവ്യാധികൾ ഉൾപ്പെടെ പകരുന്നത് തടയാനും സാധിക്കും. അതോടൊപ്പം ജൈവവളം നിർമ്മിക്കാനും കഴിയും എന്നതാണ് പദ്ധതിയുടെ പ്രത്യേകത. അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഹരിത കർമസേനാംഗങ്ങൾ വീടുകളിൽ എത്തി ശേഖരിക്കുന്നതിനാൽ മാലിന്യ നിർമ്മാർജ്ജനം എന്ന പ്രശ്നത്തിന് പരിഹാരം കാണാനും പഞ്ചായത്തിന് ഇത് വഴി സാധിക്കും.

# മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി




മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു. വിവിധ വകുപ്പുകളുടെ ഏകോപിതമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തണമെന്ന് ഇതുമായി ബന്ധപ്പെട്ടു ചേർന്ന ഉന്നതതല യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് പുറമെ വീടുകളിലും ഓഫീസുകളിലും ഉൾപ്പെടെ ശുചീകരണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. വൃത്തിയുള്ള കേരളം, വലിച്ചെറിയൽമുക്ത കേരളം കാമ്പയിനിന്റെ ഭാഗമായി വൃത്തിയാക്കാൻ നിശ്ചയിച്ചിട്ടുള്ള ഇടങ്ങൾ, മാലിന്യക്കൂനകൾ, കവലകൾ, ചെറുപട്ടണങ്ങൾ, പൊതു ഇടങ്ങൾ, അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ, വ്യാപാര കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ചന്തകൾ, കമ്മ്യൂണിറ്റി ഹാൾ, വിവാഹ മണ്ഡപങ്ങൾ, ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്യാമ്പസുകൾ മുതലായവ വൃത്തിയാക്കി വലിച്ചെറിയൽ മുക്ത ഇടങ്ങളായി പ്രഖ്യാപിക്കും. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളിൽ ഹരിതകേരളം മിഷന്റെ സജീവ പങ്കാളിത്തമുണ്ട്.

വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യം ഉറവിടത്തിൽ സംസ്ക്കരിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തും. ഹരിത കർമസേനയെ ഉപയോഗിച്ച് വാതിൽപ്പടി ശേഖരണവും തരംതിരിക്കലും ഉറപ്പാക്കും. കൊതുക് നിവാരണത്തിന്റെ ഭാഗമായി ഞായറാഴ്ചകളിൽ വീടുകളിലും വെള്ളിയാഴ്ചകളിൽ സ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും ഡ്രൈ ഡേ ആചരിക്കും.

# ക്ലീൻ തുവ്വൂർ : പുതിയ എം.സി.എഫ്. ഉദ്ഘാടനം



തുവ്വൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിനായി നടപ്പാക്കുന്ന 'ക്ലീൻ തുവ്വൂർ' പദ്ധതിയുടെ ഭാഗമായി പുതിയതായി സ്ഥാപിച്ച എം.സി.എഫ്. കെട്ടിടത്തിന്റെ ഉദ്ഘാടനം എ.പി. അനിൽകുമാർ എം.എൽ.എ. നിർവ്വഹിച്ചു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ജസീറ, ബ്ലോക്ക് സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ ലത്തീഫ്, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.എ. ജലീൽ, മറ്റു മെമ്പർമാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഹരിത കർമസേനാംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.



# എളമ്പേരംപാറ – നാടുകാണി റോഡിൽ ശുചീകരണം

വലിച്ചെറിയൽ മുക്ത കേരളം, മഴക്കാലപൂർവ്വ ശുചീകരണം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ എളമ്പേരംപാറ മുതൽ നാടുകാണി വരെയുള്ള റോഡിനിരുവശവും ശുചീകരണം നടത്തി. ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനിജ ബാലകൃഷ്ണൻ, വാർഡ് മെമ്പർ കെ.വി. രാഘവൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എം. അജ്മൽ മാസ്റ്റർ, അസി. സെക്രട്ടറി ജി.അജയകുമാർ, JH 1 ബെർലിൻ ഷൈൻ ബിനോ, JPHN സോജി, വാർഡ് കൺവീനർ എം. ഗണേശൻ, സമിതി അംഗങ്ങൾ, ആശ വർക്കർമാർ, ഹരിത കർമസേനാംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# മാലിന്യമുക്ത ജില്ലയ്ക്കായി നവകേരളം ഏകദിന ശിൽപ്പശാല

പദ്ധതി സംയോജന സാധ്യതകൾ തുറന്ന് കാട്ടിയും മാലിന്യ മുക്ത കാസർഗോഡ് ജില്ലയെന്ന സ്വപ്ന സാക്ഷാത്കാരത്തിലേക്ക് ചുവട് വെച്ചും നവകേരളം ഏകദിന ശിൽപ്പശാല. കാസർഗോഡ് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ, നവകേരള പദ്ധതിയുമായി സഹകരിച്ചാണ് ശിൽപ്പശാല നടത്തിയത്. തദ്ദേശ സ്വയംഭരണ പ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും, ആസൂത്രണ സമിതി പ്രവർത്തകർക്കും വേണ്ടി സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് മുഖ്യാഥിതിയായി. പദ്ധതികൾ ഏറ്റെടുക്കുവാൻ തയ്യാറാകുമ്പോൾ നാടിന്റെ വികസന സാധ്യതകളാണ് തുറന്നിടുന്നതെന്നും നല്ല പദ്ധതികൾ രൂപീകരിക്കുവാനും സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്താനും നമുക്ക് കഴിയണമെന്നും പി. ബേബി ബാലകൃഷ്ണൻ പറഞ്ഞു.

മാലിന്യ സംസ്കരണം സമയബന്ധിതമായി തദ്ദേശ സ്ഥാപനങ്ങൾ നടത്തണമെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.




# പാമ്പാടുംപാറയിൽ മാപത്തോൺ പൂർത്തിയായി

പശ്ചിമ ഘട്ടത്തോട് ചേർന്ന് കിടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന 'മാപത്തോൺ സുരക്ഷിതമാക്കാം പശ്ചിമഘട്ടം'' നീർച്ചാലുകളുടെ ഡിജിറ്റലൈസേഷൻ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ചു. 2023 മാർച്ച് 8 ന് പഞ്ചായത്ത് പ്രസിഡന്റ് എസ് മോഹനൻ വട്ടപ്പാറ എം.ഇ.എസ്. കോളേജ് തോട് പരിസരത്ത് ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് പഞ്ചായത്തിലെ മാപത്തോൺ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞാണ് 115 കിലോമീറ്ററോളം നീർച്ചാൽ മാപ് ചെയ്തത്.

ഏലക്കാടുകളാൽ നിറഞ്ഞ ചെങ്കുത്തായ കയറ്റവും, ഇറക്കവും ഉള്ള പ്രദേശമാണിത്. ഓരോ നീർച്ചാലുകളിലേക്ക് എത്തിപ്പെടാനും വളരെ ബുദ്ധിമുട്ടുള്ള മേഖലയാണ്. കരിമണ്ണൂർ, വാത്തികുടി, കാമാക്ഷി, ഇരട്ടയാർ, നെടുംകണ്ടം, കരുണാപുരം, പാമ്പാടുംപാറ ഗ്രാമപഞ്ചായത്തുകൾ, കട്ടപ്പന മുനിസിപ്പാലിറ്റി എന്നീ ജില്ലയിലെ 49 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാപിംഗ് പൂർത്തിയായി.



# റെയിൽവേ തരിശുഭൂമിയിൽ പച്ചത്തുരുത്തുകൾ



പച്ചത്തുരുത്തുകൾക്ക് പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിൽ രണ്ടു വാർഡുകളിൽ കൂടി തുടക്കം കുറിച്ചു. പാലക്കാട് റെയിൽവേ ഡിവിഷന്റെ കീഴിൽ പാലക്കാട് പൊള്ളാച്ചി റൂട്ടിൽ റെയിൽപാതയ്ക്ക് ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന പന്ത്രണ്ടുഹെക്ടർ തരിശു ഭൂമിയിലാണ് പച്ചത്തുരുത്തുകൾ സൃഷ്ടിക്കുന്നത്. റെയിൽവേ ലൈൻ കടന്നുപോകുന്ന മറ്റു രണ്ടു വാർഡുകളിൽ കൂടി സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിലും വേനൽകാലത്ത് ജലലഭ്യതയുള്ള അഞ്ചാം വാർഡിലെ യാക്കരയിൽ എഴുപത്തിയഞ്ച് സെന്റിലും ഒമ്പതാം വാർഡിൽ ആനപ്പുറം പ്രദേശത്തു എൺപതു സെന്റിലുമാണ് നിലവിൽ പച്ചത്തുരുത്തുകളുടെ പ്രവർത്തനങ്ങൾ നടക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ ഗ്രീൻ ഇന്ത്യ മിഷൻ പരിപാടിയുടെ ഭാഗമായി റെയിൽവേയുടെ ഉടമസ്ഥതയിലുള്ള തരിശുഭൂമികളിലും, ഒഴിഞ്ഞുകിടക്കുന്ന പ്രദേശങ്ങളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിൽ ഉൾപ്പെടുത്തി സംസ്ഥാന വനം വകുപ്പിന്റെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സഹകരണത്തോടെയാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇവിടെ പച്ചത്തുരുത്തുകളുടെ നിർമാണം. ഇരുപത്തിയഞ്ചോളം ഇനത്തിൽപെട്ട വൈവിധ്യമാർന്ന വൃക്ഷങ്ങളും സസ്യങ്ങളുമാണ് തൊഴിലുറപ്പ് പദ്ധതിയുടെ പരിപാലനത്തിൽ ഇവിടെ വളർന്നു വരുന്നത്.

അഞ്ചാം വാർഡിലെ യാക്കരയിൽ 'കൈരളി' പച്ചത്തുരുത്തിൽ എഴുപത്തിയഞ്ച് സെന്റ് സ്ഥലത്ത് 650 ഓളം തൈകളും ഒമ്പതാം വാർഡിൽ ആനപ്പുറം പ്രദേശത്തു 'സൂര്യകാന്തി' പച്ചത്തുരുത്തിൽ എൺപത് സെന്റ് സ്ഥലത്ത് 900ത്തോളം തൈകളും നട്ടു പിടിപ്പിച്ചിട്ടുണ്ട്. എല്ലാ ചെടികൾക്കും ജൈവ ആവരണം തീർത്തുകൊണ്ട് വേനൽച്ചൂടിൽ നിന്നു രക്ഷിക്കുകയും, സൂര്യകാന്തി പച്ചത്തുരുത്തിനുചുറ്റും ജൈവ വേലിതീർക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ നടീൽ, തുടർ പരിപാലനം എന്നിവയിലൂടെ രണ്ട് വാർഡുകളിലുമായി 77 തൊഴിലാളികൾക്ക് 1619 തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിഞ്ഞു. മാവ്, പ്ലാവ്, ഞാവൽ, കശുമാവ്, പേര, ചാമ്പ, സീതപ്പഴം, അമ്പഴം തുടങ്ങിയ ഫലവൃക്ഷങ്ങൾ മുതൽ തേക്ക്, പൂവരക്, കണിക്കൊന്ന, അശോകം, മന്ദാരം മുതലായ വിവിധതരം വൃക്ഷങ്ങൾ ഈ പച്ചത്തുരുത്തുകളിലുണ്ട്. കൂടാതെ കറുവപ്പട്ട, നീലപ്പാല, ചന്ദനം, കറിവേപ്പില മുതൽ കൃഷ്ണതുളസി വരെയുള്ള ഔഷധ സസ്യങ്ങൾ ഈ പച്ചത്തുരുത്തുകളിലെ ജൈവ വൈവിധ്യത്തിന് മാറ്റ് കൂട്ടുന്നു. 2023 ജൂൺ മാസം മുതൽ മൺസൂൺ ആരംഭത്തോടെ റെയിൽവേയിൽ നിന്നും അനുവദിച്ച മറ്റുപ്രദേശങ്ങളിലും പച്ചത്തുരുത്തുകൾ ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾ നീരുറവ് പദ്ധതിയുടെ ഭാഗമായി MNREGS തയ്യാറാക്കിക്കഴിഞ്ഞു.

# അച്ചൻകോവിലാറിന്റെ തീരത്ത് മുള നടീൽ

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്ത് അച്ചൻകോവിൽ ആറിന്റെതീരത്ത് ഒന്നര കി.മീ. ദൂരം മുളവച്ചുപിടിപ്പിച്ച് ബലപ്പെടുത്തുന്ന പദ്ധതിയുടെ ഉദ്ഘാടനം ആലപ്പുഴ ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ അഡ്വ. റ്റി.എസ്. താഹ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷ് അദ്ധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാകോർഡിനേറ്റർ കെ.എസ്. രാജേഷ് മുഖ്യപ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്തംഗങ്ങൾ, ഉദ്യോഗസ്ഥർ, നാട്ടുകാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.



# 1896 ഹരിത കർമസേനാംഗങ്ങൾ, 155 പച്ചത്തുരുത്തുകൾ
# ഹരിത വഴിയിൽ കോട്ടയം ജില്ല



കോട്ടയം ഹരിതകേരളം മിഷൻ പ്രവർത്തനമികവ് തുടരുകയാണ്. കോട്ടയം ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളിലും ആറ് നഗരസഭകളിലുമായി 1896 ഹരിത കർമസേനാംഗങ്ങളാണുള്ളത്. ഇവരുടെ പ്രവർത്തനഫലമായി പ്രതിമാസം അൻപതു ടണ്ണോളം തരം തിരിച്ച മാലിന്യങ്ങളും 70 ടണ്ണോളം തരംതിരിക്കാത്ത മാലിന്യങ്ങളും ക്ലീൻ കേരള കമ്പനിക്കും മറ്റു അംഗീകൃത ഏജൻസികൾക്കും കൈമാറുന്നുണ്ട്. അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ 88 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കേന്ദ്രങ്ങളും 1277 മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കേന്ദ്രങ്ങളും 11 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ചിട്ടുണ്ട്. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങളും കമ്മ്യൂണിറ്റി തലത്തിൽ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥാപിച്ചു വരുന്നു.

പനച്ചിക്കാട് നവരാത്രി ഉത്സവം, വൈക്കം മഹാദേവ ക്ഷേത്രത്തിലെ അഷ്ടമി മഹോത്സവം, വാഴൂർ ജലോത്സവം, സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം, ജില്ലാ കേരളോത്സവം തുടങ്ങി വിവിധ പരിപാടികൾ ജില്ലയിൽ ഹരിതചട്ടം പാലിച്ചു നടപ്പാക്കാനായതും ഹരിതകേരളം മിഷന്റെ നേട്ടങ്ങളാണ്.ഹരിതകേരള മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടെ 155 പച്ചത്തുരുത്തുകൾ ജില്ലയിൽ സംരക്ഷിച്ച് വരുന്നുണ്ട്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ സഹായത്തോടെ ഹരിതകേരളം റിസോഴ്സ് പേഴ്സൺസിന്റെ നേതൃത്വത്തിൽ പശ്ചിമഘട്ട മേഖലയിലെ നീർച്ചാലുകളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിനായി നീർച്ചാലുകളുടെ മാപിംഗ് പ്രവർത്തനം ജില്ലയിൽ പുരോഗമിക്കുകയാണ്. പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും മാപത്തോൺ പ്രവർത്തനം പൂർത്തിയാക്കി. ഡിജിറ്റൽ മാപ് പഞ്ചായത്തുകൾക്ക് കൈമാറി. വാഴൂർ, കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട, മീനച്ചിൽ ബ്ലോക്കുകളിലെ 18 ഗ്രാമപഞ്ചായത്തുകളിലും മാപത്തോൺ പ്രവർത്തനം പൂർത്തിയാക്കി. 12 ഗ്രാമപഞ്ചായത്തുകളുടെ മാപിംഗ് ജോലികൾ പുരോഗമിക്കുകയാണ്. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലെയും ജലലഭ്യതയും വിനിയോഗവും വിലയിരുത്തുന്നതിനുള്ള ജലബജറ്റ് തയാറായി. കാർഷിക രംഗത്ത് നെല്ല് ഉൽപാദന വർധനവിനായി അയ്യായിരത്തിലധികം ഏക്കർ തരിശുഭൂമി കൃഷി യോഗ്യമാക്കി. വെച്ചൂർ, തലയാഴം ഗ്രാമപഞ്ചായത്തുകളിൽ മൂന്ന് ഹരിത സമൃദ്ധി വാർഡുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്.



നവകേരളം കർമപദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ജില്ലകളിൽ ഐ.ഇ.സി. ചുമതലയുള്ളവർക്കായി വിവര വിജ്ഞാന വിനിമയ പ്രവർത്തനത്തിനുള്ള ദ്വിദിന പരിശീലനം നടത്തി. വീഡിയോ ചിത്രീകരണം, പോസ്റ്റർ നിർമ്മാണം, ഡോക്യുമെന്റേഷൻ എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകിയത്. തിരുവനന്തപുരത്ത് 2023 മാർച്ച് 29, 30 തീയതികളിലായി നടന്ന പരിശീലനത്തിൽ പങ്കെടുത്തവരാണ് ചിത്രത്തിൽ.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer;  Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by  Navakeralam Karmapadhathi 2, Statue, Trivandrum 01